ദേശാഭിമാനി
Palakkad Edition
Dated 26-08-2026
Page no: 3 Column no: 1

# ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ് 4ന്

**കൊല്ലങ്കോട്**

ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ് സെപ്തംബർ നാലിന് പല്ലശന വിഐഎം എച്ച്എസ്എസിൽ നടക്കും. പങ്കെടുക്കുന്ന ടീമുകൾ സെപ്തംബർ ഒന്നിനുമുമ്പ് www.throwballkerala.com എന്ന വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കണം. വിവരങ്ങൾക്ക്: 9447742821

ദേശാഭിമാനി

Palakkad Edition
Dated 05-09-2026
page no :4 Column no :5,6,7&8

ജില്ലാ ജൂനിയർ ത്രോബോൾ മത്സരം

# ഡ്രീംസ് ത്രോബോൾ അക്കാദമിയും സ്പോർട്സ് അക്കാദമിയും ജേതാക്കൾ



ചാമ്പ്യന്മാരായ പല്ലശന ഡ്രീം ത്രോബോൾ അക്കാദമിയിലെ ആൺകുട്ടികൾ



ചാമ്പ്യന്മാരായ പല്ലശന ത്രോബോൾ അക്കാദമിയിലെ പെൺകുട്ടികൾ

**കൊല്ലങ്കോട്**

ജില്ലാ ജൂനിയർ ത്രോബോൾ മത്സരത്തിൽ പല്ലശന ഡ്രീംസ് ത്രോബോൾ അക്കാദമി ആൺകുട്ടികളുടെ വിഭാഗത്തിലും പല്ലശന സ്പോർട്സ് അക്കാദമി പെൺകുട്ടികളുടെ വിഭാഗത്തിലും ജേതാക്കളായി. ഇരു വിഭാഗത്തിലും ഫ്രണ്ട്സ് ക്ലബ് നെന്മാറയാണ് രണ്ടാംസ്ഥാനം. ആൺകുട്ടികളുടെ വിഭാഗത്തിൽ സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമിയും കാക്കയൂർ റിക്രിയേഷൻ സെന്ററും മൂന്നാംസ്ഥാനം പങ്കിട്ടു. പെൺകുട്ടികളുടെ വിഭാഗത്തിൽ ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബും കാക്കയൂർ റിക്രിയേഷൻ സെന്ററും മൂന്നാംസ്ഥാനം പങ്കിട്ടു.

സംസ്ഥാന ത്രോബോൾ അസോസിയേഷൻ ട്രഷറർ എ ആർ മുഹമ്മദ് റാഫി പരിപാടി ഉദ്ഘാടനം ചെയ്തു. പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂൾ പിടിഎ പ്രസിഡന്റ് ആർ മനോജ് അധ്യക്ഷനായി. സമാപനസമ്മേളനത്തിൽ വിഐഎം ഹയർ സെക്കൻഡറി സ്കൂൾ പ്രധാന അധ്യാപിക ബി സ്മിത സമ്മാനം വിതരണം ചെയ്തു. കെ. മണികണ്ഠ പ്രസാദ് അധ്യക്ഷനായി. ത്രോബോൾ ഫെഡറേഷൻ അംഗം കെ പ്രദീപ്, സംസ്ഥാന അസോസിയേഷൻ നിരീക്ഷകൻ ആഷിൽ പി ജോൺസൺ, ജില്ലാ സീനിയർ വൈസ് പ്രസിഡന്റ് വി പ്രശാന്ത്, ലൂക്കോസ് ദേവസ്യ, വി വിനേഷ്, സി മോഹൻദാസ്, എസ് ദിനേഷ് ബാബു എന്നിവർ സംസാരിച്ചു.

മലയാള മനോരമ
ESTABLISHED 1888

# Palakkad Edition
# Dated 05-09-2026
# Page no : 2 Column no : 7&8




ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗം ജേതാക്കളായ പല്ലശ്ശന ഡ്രീംസ് ടീം.




ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗം ജേതാക്കളായ പല്ലശ്ശന സ്പോർട്സ് അക്കാദമി ടീം.